ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സിസ്റ്റം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയതുവഴി 23 ഇനം ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം ലഭ്യമാണ്. വകുപ്പിൽനിന്ന് ഇലക്ട്രോണിക് രൂപത്തിൽ നൽകാൻ കഴിയുന്ന 22 സർവ്വീസുകളിൽ എഫ്.എൽ.-3, എഫ്.എൽ.-11, എഫ്.എൽ.-4 എ എന്നീ മൂന്നിനം ലൈസൻസ് പുതുക്കൽ സർവ്വീസുകൾ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക് രൂപത്തിൽ നൽകി വരുന്നു. കൂടാതെ മറ്റ് സർവ്വീസുകളും ഇപ്രകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

അപകടരഹിത സംസ്ഥാനം

18 (*318) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ അപകടരഹിത സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത് ;

(സി) ഏതെല്ലാം വകുപ്പുകളുടെ സഹായമാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നത് ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ&ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനും അപകടരഹിത സംസ്ഥാനമാക്കുന്നതിനുമായി കേരളാ പോലീസ് നിരവധി മാർഗ്ഗ നിർദ്ദേശങ്ങളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനും പൊതുജനങ്ങൾ റോഡുഗതാഗത നിയമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി കേരള പോലീസിന്റെ ആഭിമുഖ്യത്തിൽ 'ശ്രുതയാത്ര 2015' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ റോഡപകടങ്ങളുമായി ബന്ധപ്പെട്ട് പ്രഥമ ശുശ്രൂഷ നൽകുന്നതിന് പോലീസുകാർക്ക് ഫസ്റ്റ് എയ്ഡ്, ട്രോമാ കെയർ തുടങ്ങിയവയെക്കുറിച്ച് പ്രാഥമിക പരിശീലനം നൽകുന്നതിനായി 'സൈൽ പദ്ധതി' ആരോഗ്യവകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രാഫിക് നിയന്ത്രണങ്ങൾക്കും അപകടങ്ങൾ കുറയ്ക്കുന്നതിനുമായി കേരള റോഡ് സേഫ്റ്റി അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മോട്ടോർ വാഹന വകുപ്പ്, ആരോഗ്യവകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ സഹകരണവും സഹായവും ഇക്കാര്യത്തിൽ ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, സൈൻ ബോർഡുകൾ സ്ഥാപിക്കുക എന്നിവയും പൊതു വിദ്യാഭ്യാസ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും ആരോഗ്യവകുപ്പുമായി ചേർന്ന് അപകടത്തിൽ പെടുന്നവരെ പ്രഥമശുശ്രൂഷനൽകി എത്രയുംപെട്ടെന്ന് ആശുപത്രിയിൽ എത്തിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സംവരണത്തോത് വർദ്ധിപ്പിക്കൽ

19 (T *319) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമന സംവരണത്തോത് വർദ്ധിപ്പിക്കാൻ ദേശീയ പട്ടികജാതി കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) കമ്മീഷന്റെ ശിപാർശയുടെ വിശദവിവരം അറിയിക്കാമോ ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(സി) നിലവിലുള്ള സംവരണത്തോത് ജനസംഖ്യാനുപാതികമാണോ ; വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്.

(ബി&സി) പട്ടികജാതി വിഭാഗത്തിനുള്ള സംവരണത്തോത് ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കണമെന്നതാണ് ദേശീയ പട്ടികജാതി കമ്മീഷൻ നൽകിയ ശിപാർശ. ഇക്കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly